OFFICE OF THE LABOUR COMMISSIONER
06 JUN 2018
THIRUVANANTHAPURAM-33

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ (സാധാ) നം.668/2018/തൊഴിൽ    തിരുവനന്തപുരം, തീയതി, 04.06.2018.

---

പരാമർശം:-
1. 29.03.2010-ലെ സ.ഉ (എം.എസ്) 46/2010/തൊഴിൽ നമ്പർ ഉത്തരവ്.
2. ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 6.3.2018-ലെ കുറിപ്പ്.
3. 03.04.2018 തീയതിയിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

## <u>ഉത്തരവ്</u>

കേരളത്തിൽ ജോലി ചെയ്യുന്നതിനിടെയുണ്ടാകുന്ന അപകടങ്ങളിൽ മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് നൽകുന്ന വിഷയം തൊഴിൽ വകുപ്പ് പരിഗണിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി. കേരളത്തിൽ ജോലി ചെയ്യുന്നതിനിടെ മരണമടയുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻകീഴിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ഒരു ലക്ഷം രൂപ വീതം ജില്ലാ കളക്ടർമാർക്ക് റിവോൾവിംഗ് ഫണ്ട് ആയി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും പരാമർശം (3) പ്രകാരം തീരുമാനിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയ്ക്കും റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനും ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മരണം സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II) പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ന് തുക അനുവദിക്കാവുന്നതാണ്.

2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്ന തുകയിൽ നിന്നും ഇതിനാവശ്യമായ തുക ഉടനടി അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്. തുക ചെലവഴിച്ച വിവരം ഉടൻതന്നെ ലേബർ

കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ലേബർ കമ്മീഷണർ അറിയിക്കുന്നമുറയ്ക്ക് ജില്ലാ ലേ[illegible] ഓഫീസർമാർക്ക് ഫണ്ട് "റീക്കൂപ്പ്" ചെയ്തു നൽകുന്നതിന് കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷൈജ സി.ജി.
അണ്ടർ സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, മേട്ടുക്കട, തൈക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.